# ആന്റണി അടിയന്തിരാവസ്ഥകാലത്തെ ഇന്ദിരയെപ്പോലെ – കുൽദീപ് നയ്യാർ

അടിയന്തിരാവസ്ഥയിൽ ഇന്ദിരാഗാന്ധിക്കുണ്ടായിരുന്ന നിലപാടുകൾക്കു സമാനമാണ് ആദിവാസി പ്രശ്നത്തിൽ മുഖ്യമന്ത്രി ആന്റണിയുടെ നിലപാടെന്ന് പ്രശസ്ത പത്രപ്രവർത്തകൻ കുൽദീപ് നയ്യാർ പറഞ്ഞു. മിസ്റ്റർ ക്ലീൻ ഇമേജ് കാത്തുസൂക്ഷിക്കുന്ന മുഖ്യമന്ത്രി അല്പംകൂടി ഉദാരതയോടും വിശാലതയോടുംകൂടി പെരുമാറണമെന്നും അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രിയുമായി ഒരു മണിക്കൂർ നേരം ചർച്ച നടത്തിയതിനെ തുടർന്ന് പത്രസമ്മേളനത്തിലാണ് കുൽദീപ് നയ്യാർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചത്.

കാലങ്ങളായി കാട്ടിൽ കഴിയുന്ന ആദിവാസികളെ വനത്തിൽ നിന്നും കുടിയൊഴിപ്പിക്കുന്നത് നീതീകരിക്കാനാകില്ല. ആദിവാസികളെ ഒഴിപ്പിച്ച് വനം സംരക്ഷിതമേഖലയായി പ്രഖ്യാപിക്കുന്നത് പൂർണ്ണമായും തെറ്റുതന്നെയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ആദിവാസികൾക്ക് നൽകിയ വാഗ്ദാനം പാലിക്കാതിരുന്നതാണ് പ്രശ്നങ്ങൾക്ക് കാരണമെന്നും കുൽദീപ് നയ്യാർ കുറ്റപ്പെടുത്തി.

## എഴുത്തുകാരുടെ പിന്തുണ

വയനാട്ടിൽ ഭൂരഹിതരായ ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകണമെന്നാവശ്യപ്പെട്ട് സമരം നടത്തിയ ആദിവാസികൾക്കുനേരെ പോലീസ് നടത്തിയ വെടിവെപ്പിലും ഗർഭിണികളും പിഞ്ചുകുഞ്ഞുങ്ങളുടെ നേരെ നടന്ന അതിക്രമങ്ങളിലും എഴുത്തുകാർ പ്രതിഷേധിച്ചു. ജീവിക്കാൻ സ്വന്തം മണ്ണ് തിരിച്ചുതരണമെന്ന ഏറ്റവും പ്രാഥമികമായ മനുഷ്യാവകാശം ഉന്നയിക്കുന്ന ഇന്ത്യയിലെ മുഴുവൻ ആദിവാസി ഭൂസമരങ്ങളോട് ഐക്യപ്പെടുന്നതായിഏകാന്ത് ശ്രീവാസ്തവ (ഹിന്ദി കവി), ജിബൻനാരാ (അസമിയ), യുവൻചന്ദ്രശേഖർ (തമിഴ്), മനുഷ്യപുത്രൻ (തമിഴ്), രാജൻ ഗവാസ് (മറാഠി), പ്രബുദ്ധ സുന്ദർകർ (ബംഗാളി), മമത സാഗർ (കന്നഡ), സംയുക്ത ബന്ദോപാധ്യായ (ബംഗാളി), പ്രവാസിനി മഹാകുഡ് (ഒറിയ), വാസി റെഡ്ഡി നവീൻ (തെലുങ്ക്), കെ. ശ്രീകാന്ത് (തെലുങ്ക്), അനാമിക (ഹിന്ദി), മനീഷ ജോഷി (ഗുജറാത്തി), നോര്യംഗ് സ്യാംഡോം (നേപ്പാളി) എന്നിവർ പ്രസ്താവനയിൽ പറഞ്ഞു.

# കുട്ടികളെ ജയിലിലടച്ചത് ചട്ടങ്ങൾക്ക് വിരുദ്ധം

**എൻ.സുബ്രഹ്മണ്യൻ** (റിട്ട. ജയിൽ ഐ.ജി.)

വയനാട്ടിൽ അരങ്ങേറുന്ന ആദിവാസി പീഡനങ്ങളുടെ ഭാഗമായി കുറെയധികം കൊച്ചുകുട്ടികളുടെ മുതിർന്നവരോടൊപ്പം കണ്ണൂർ സെൻട്രൽ ജയിലിലേക്കയച്ച നീതിപീഠത്തിനും കുട്ടികളെ അറസ്റ്റ് ചെയ്ത പോലീസ് മേധാവികൾക്കും ഗുരുതരമായ പാളിച്ച സംഭവിച്ചിരിക്കുന്നു. ഇത് മനുഷ്യാവകാശങ്ങളുടെയും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഗുരുതരമായ ലംഘനവും ശിക്ഷാർഹമായ കുറ്റകൃത്യവുമാണ്.

കേരളത്തിൽ നിലവിലുള്ള ജയിൽ മാന്വൽ പ്രകാരം സ്ത്രീ കുറ്റവാളികൾ റിമാന്റിൽ ഏൽപിക്കപ്പെടുകയോ ശിക്ഷിക്കപ്പെട്ട് ജയിലിൽ അടയ്ക്കപ്പെടുകയോ ചെയ്യുമ്പോൾ, അവരുടെ പ്രായമാകാത്ത കുട്ടികളെ 5 വയസ്സുവരെ അമ്മമാരോടൊപ്പം ജയിലിൽ പാർപ്പിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ പത്രവാർത്തകൾ സത്യമെങ്കിൽ 3 വയസ്സായ ഒരു കുട്ടി അച്ഛനും അമ്മയും ഇല്ലാത്ത ഏതാനും നാൾ കണ്ണൂർ സെൻട്രൽ ജയിലിൽ റിമാന്റിൽ കഴിഞ്ഞു. കൂടാതെ 5 വയസ്സിനു മുകളിൽ 10 ഉം 12 ഉം വയസ്സുവരെ പ്രായമുള്ള കുട്ടികളെയും 5 വയസ്സിന് താഴെ രേഖപ്പെടുത്തി ജയിലിലേക്കയച്ചതായി അറിയുന്നു. 5 വയസ്സു മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ വയസ്സ് രേഖയിൽ തെറ്റായി കാണിച്ച് അവരെ ജയിലിലടച്ചതിൽ നിന്നും മനസ്സിലാക്കേണ്ടത് നിയമത്തെക്കുറിച്ചുള്ള അറിവില്ലായ്മയായിരുന്നില്ല. മറിച്ച് ബോധപൂർവ്വമായ ഗൂഢാലോചനയുടെ ഫലങ്ങളായിരുന്നു ഇവയെന്നാണ്.

ബാലനീതി (ജുവനൈയിൽ ജസ്റ്റീസ് ആക്ട്) അനുസരിച്ച് ഒരു കാരണവശാലും കുട്ടികളെ ജയിലലടയ്ക്കാൻ പാടുള്ളതല്ല. കുറ്റവാളികളായി തെളിയിക്കപ്പെടുന്ന കുട്ടികളെ ജുവനൈൽ ഹോമിലേക്കു മാത്രമെ അയക്കാവൂ. തമിഴ്നാട് ഹൈക്കോടതി അടുത്ത നാളിൽ പുറപ്പെടുവിച്ച ഒരു ശ്രദ്ധേയമായ വിധി ഇവിടെ പ്രസ്താവ്യമാകുന്നു. 12 വയസ്സ് പ്രായമുള്ള ഒരു കുട്ടി പോട്ട നിയമം ഉപയോഗിച്ച് ചെന്നൈ സെൻട്രൽ ജയിലിൽ അടക്കപ്പെട്ടു. കുട്ടിയുടെ അമ്മ പരാതിയുമായി ഹൈക്കോടതിയിലെത്തി. ജുവനൈൽ ഹോമിൽ ജസ്റ്റിസ് ആക്ട് നിലവിലിരിക്കെ കുറ്റവാളികളായ കുട്ടികളെ ജുവനൈൽ ഹോമിൽ പാർപ്പിക്കാതെ പോട്ട പ്രകാരം ജയിലിലടച്ചത് നിയമവിരുദ്ധമാണെന്ന് ഹൈക്കോടതി കണ്ടെത്തുകയും, കുട്ടിയെ നിരുപാധികം ഉടനടി വിട്ടയയ്ക്കാൻ കൽപിക്കുകയും ചെയ്തു.

നൂറ് ശതമാനം സാക്ഷരരെന്ന് അഭിമാനിക്കുന്ന കേരളീയർക്ക് സാമാന്യ മര്യാദകളും അടിസ്ഥാന നിയമങ്ങളും മനുഷ്യാവകാശങ്ങളും ബാധകമല്ലെന്നുണ്ടോ?